സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

തിരുവനന്തപുരം-03, ഫോൺ 0471-2315009 secretarytdbtvm@gmail.com

---

**2018-ലെ നവരാത്രി മഹോത്സവത്തോടനുബന്ധിച്ചുള്ള ഘോഷയാത്രയ്ക്ക് ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് 5/09/2018 പകൽ 11 മണിക്ക് ബോർഡ് ആസ്ഥാനത്ത് വച്ച് കൂടിയ കോൺഫറൻസിന്റെ നടപടി സംഗ്രഹം :**

ബഹുമാനപ്പെട്ട ദേവസ്വം ബോർഡ് പ്രസിഡന്റ് ശ്രീ.എ.പദ്മകുമാർ അവർകളുടെ അദ്ധ്യക്ഷതയിലും ബഹുമാന്യ ബോർഡ് മെമ്പർമാരായ ശ്രീ.കെ.പി.ശങ്കരദാസ്, അവർകളുടെയും ശ്രീ.കെ.രാഘവൻ അവർകളുടെയും സാന്നിദ്ധ്യത്തിലും കൂടിയ യോഗത്തിൽ ദേവസ്വം ബോർഡ് സെക്രട്ടറി ശ്രീമതി.ജയശ്രീ.എസ്-നു പുറമെ ചുവടെ വിവരിക്കുന്നവർ പങ്കെടുത്തു.

1. ശ്രീ.എൻ.വാസു, ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
2. ശ്രീ.ജി.സന്തോഷ്, ദേവസ്വം അക്കൗണ്ട്സ് ആഫീസർ
3. ശ്രീ.എൻ.പി.രഘു, ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ
4. ശ്രീ.കെ.അനിൽ കുമാർ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഇൻസ്പെക്ഷൻ)
5. ശ്രീ.ആർ.ജി.രാധാകൃഷ്ണൻ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം
6. ശ്രീ.എം.ഗോപകുമാർ, വിജിലൻസ് ആഫീസർ, സൗത്ത് സോൺ
7. ശ്രീ.എസ്.ആർ.സജിൻ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം
8. ശ്രീമതി.ഒ.ആശാബിന്ദു, ജൂനിയർ സൂപ്രണ്ട്, നെയ്യാറ്റിൻകര
10. ശ്രീ.എസ്.പി.പ്രജിത്കുമാർ, സബ്ഗ്രൂപ്പാഫീസർ, പാറശ്ശാല ദേവസ്വം
11. ശ്രീ.എം.മണികണ്ഠൻ നായർ, സബ്ഗ്രൂപ്പാഫീസർ, നെയ്യാറ്റിൻകര ദേവസ്വം
12. ശ്രീ.എൻ.രാകേഷ് നടരാജൻ, സബ്ഗ്രൂപ്പാഫീസർ, ആര്യശാല ദേവസ്വം
13. ശ്രീ.എ.എസ്.ഗോപകുമാർ, സബ്ഗ്രൂപ്പാഫീസർ, ചെന്തിട്ട ദേവസ്വം
14. ശ്രീ.പി.രവി, സബ്ഗ്രൂപ്പാഫീസർ, പാൽക്കുളങ്ങര ദേവസ്വം
15. ശ്രീ.ജി.മാണിക്കം, ചെയർമാൻ, തിരുവിതാംകൂർ നവരാത്രി ഫോറം ട്രസ്റ്റ്
16. ശ്രീ.ആര്യശാല മനോജ്, വൈസ് പ്രസിഡന്റ്, നവരാത്രി ആഘോഷ ട്രസ്റ്റ്

17. ശ്രീ.രാംകുമാർ.ജെ, ആര്യശാല ദേവസ്വം ഉപദേശക സമിതി

18. ശ്രീ.അജിത്കുമാർ.സി.ജി , ആര്യശാല ദേവസ്വം ഉപദേശക സമിതി

19. ശ്രീ.എം.സുകുമാരൻ നായർ, ഉപദേശക സമിതി സെക്രട്ടറി, നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രം

20. ശ്രീ.പി.ശിവൻപിള്ള, സെക്രട്ടറി, പാറശ്ശാല മഹാദേവർ ക്ഷേത്രം ഉപദേശക സമിതി

21. ശ്രീ.പ്രതാപചന്ദ്രൻ, പ്രസിഡന്റ്, പാറശ്ശാല മഹാദേവർ ക്ഷേത്രം ഉപദേശക സമിതി

22. ഡോ.എസ്.ജയന്തകുമാർ, തിരു.യൂണിയൻ സെക്രട്ടറി, അഖില കേരള അയ്യപ്പ സേവാ സംഘം

23. ശ്രീ.കെ.ഹരി, പ്രസിഡന്റ്, നവരാത്രി അഗ്നിക്കാവടി സംഘം, ചെന്തിട്ട

24. ശ്രീ.പി.ശിവൻകുട്ടി, അയ്യപ്പ സേവാസംഘം, നെയ്യാറ്റിൻകര

25. ശ്രീ.നെയ്യാറ്റിൻകര ഹരി, പ്രസിഡന്റ്, നവരാത്രി സേവാ സമിതി, നെയ്യാറ്റിൻകര

പകൽ 12 ന് ഈശ്വര പ്രാർത്ഥനയോടു കൂടി യോഗ നടപടികൾ ആരംഭിച്ചു.

ബഹുമാനപ്പെട്ട ദേവസ്വം കമ്മീഷണർ യോഗത്തിൽ പങ്കെടുത്തവർക്ക് സ്വാഗതം ആശംസിച്ചു. തുടർന്ന് ബഹു.ദേവസ്വം ബോർഡ് പ്രസിഡന്റ് ശ്രീ.എ.പദ്മകുമാർ അവർകൾ നടത്തിയ അദ്ധ്യക്ഷ പ്രസംഗത്തിൽ നവരാത്രി ആഘോഷം മുൻ വർഷ ത്തേതിലും ഭംഗിയായി നടത്തേണ്ടതിന്റെ ആവശ്യകത എടുത്തു പറഞ്ഞു. തുടർന്ന് നടന്ന ചർച്ചയിൽ ചുവടെ വിവരിക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

(1) ശുചീന്ദ്രത്തു നിന്നും ദേവി പുറപ്പെടുമ്പോൾ ഗാർഡ് ഓഫ് ഓണർ നൽകുന്നതിന് പോലീസ് സേനാംഗങ്ങൾ നിൽക്കേണ്ടസ്ഥലവും ഭക്തജനങ്ങൾക്കും മാധ്യമ പ്രവർത്തകർക്കും വി.ഐ.പി.കൾക്കും നിലയുറപ്പിക്കുന്നതിന് പ്രത്യേകം പ്രത്യേകം ഏരിയ മുൻകൂട്ടി മാർക്ക് ചെയ്യുന്നതിനും, ശുചീന്ദ്രം മുതൽ തിരുവനന്തപുരം വരെ ഗാർഡ് ഓഫ് ഓണർ നൽകുന്ന ഇടങ്ങളിലെല്ലാം ഇതേ രീതിയിൽ മാർക്ക് ചെയ്യുന്നതിനുമുള്ള ചുമതല ദേവസ്വം വിജിലൻസ് സബ്-ഇൻസ്പെക്ടർക്കും സംഘത്തിനും നൽകി ആയതിന് മേൽനോട്ടം വഹിക്കാൻ ദേവസ്വം കമ്മീഷണറെയും സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)-യെയും ചുമതലപ്പെടുത്തുന്നു.

(2) വിഗ്രഹങ്ങൾ ക്ഷേത്രങ്ങളിൽ കൂടിയിരിക്കുന്ന 13 ദിവസങ്ങളിലും ഘോഷയാത്ര യിലും മടക്കയാത്രയിലും ദേവസ്വം ബോർഡിന്റെ സേവനങ്ങൾ ഉറപ്പു വരുത്തുന്ന തിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.